**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2666** **17-03-2022 - ൽ മറുപടിയ്ക്ക്**

**പെരിന്തൽമണ്ണ കെ.എസ്.ഇ.ബി. സെക്ഷന്റെ വിഭജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | null<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഭൂമിശാസ്ത്രപരമായും ഉപഭോക്താക്കളുടെ എണ്ണത്താലും ഏറെ വലിപ്പമേറിയ പെരിന്തൽമണ്ണ കെ.എസ്.ഇ.ബി. സെക്ഷൻ വിഭജിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വ്യക്തമാക്കുമോ; | (എ) | പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും ഇതിനായി ചെവഴിക്കേണ്ടി വരുന്ന തുക താരിഫിൽ ഉൾക്കൊളളിക്കുന്നതു വഴി വൈദ്യുതി നിരക്ക് വർദ്ധനവിന് കാരണമാകുമെന്നതിനാലും സെക്ഷൻ ഓഫീ സുകൾ വിഭജിച്ച് പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണ നയിലില്ല. സ്മാർട്ട് മീറ്ററടക്കമുളള സാങ്കേതിക വിദ്യ കടന്നുവരുന്ന സാഹചര്യത്തിൽ സേവന നിലവാരം മെച്ചപ്പെടും എന്ന് കാണുന്നു. |
| (ബി) | മാരകരോഗം പിടിപെട്ടവരുള്ള നിർധന കുടുംബങ്ങൾക്ക് വൈദ്യുതി ചാർജിൽ ഇളവ് നൽകുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വിശദമാക്കുമോ? | (ബി) | നിലവിൽ ദാരിദ്ര്യ രേഖയ്ക്ക് താഴെയുളളതും, 1000 വാട്ട്സ് വരെ കണക്റ്റഡ് ലോഡുളളതുമായ കാൻസർ ബാധിതന്റെ കുടുംബത്തിനും, പോളിയോ/അപകടം മൂലം സ്ഥിരമായി അംഗവൈകല്യം സംഭവിച്ച വ്യക്തിയുടെ കുടുംബത്തിനും പ്രതിമാസം 100 യൂണിറ്റ് വരെ 1.50 രൂപ നിരക്കിലാണ് വൈദ്യുതി നൽകി വരുന്നത്. ഇതിനുപുറമേ, കാസർഗോഡ് കാഞ്ഞങ്ങാട് താലൂക്കുകളിലെ എൻഡോസൾഫാൻ ദുരിത ബാധിതരുടെ കുടുംബങ്ങൾക്ക് 150 യൂണിറ്റ് വരെ 1.50 രൂപ നിരക്കിലാണ് വൈദ്യുതി നൽകി വരുന്നത്. ഇതിനുപുറമേ ജീവൻ രക്ഷാ ഉപകരണങ്ങളുടെ സഹായത്തോടെ ജീവൻ നിലനിർത്തുന്ന രോഗികൾക്ക്, ഉപകരണത്തിനാ വശ്യമായ വൈദ്യുതി സൗജന്യമായാണ് നൽകി വരുന്നത്. |

സെക്ഷൻ ഓഫീസർ